(ബി) ജല അതോറിറ്റിയിൽ അഡ്മിനിസ്ട്രേറ്റീവ് റൂൾസിൽ (ഭേദഗതി) സംസ്ഥാനത്തെ പൊതുമരാമത്തും, ജലസേചനവും വകുപ്പുകളിലെ ഡിവിഷണൽ അക്കൗണ്ടന്റ്മാർക്ക് നിശ്ചയിച്ചിരിക്കുന്ന യോഗ്യതയ്ക്ക് കടകവിരുദ്ധമായിട്ടുള്ള മാനദണ്ഡമാണോ പി.എസ്.സി.യിൽ ജലവിഭവ വകുപ്പ് സമർപ്പിച്ചിരുന്നത് ; എങ്കിൽ വിശദമാക്കുമോ ;

(സി) ഈ സ്പെഷ്യൽ റൂളിന്റെ ഭേദഗതി പി.എസ്.സി.ക്ക് സൂക്ഷ്മ പരിശോധനയ്ക്ക് സമർപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ വാട്ടർ അതോറിറ്റിയിലെ ഡിവിഷണൽ അക്കൗണ്ടന്റ് തസ്തികയിൽ പി.എസ്.സി. വഴി നേരിട്ട് നിയമിക്കുന്നത് എത്ര ശതമാനമാണ് ; ഇതിന്റെ അടിസ്ഥാന വിദ്യാഭ്യാസയോഗ്യത എന്താണ് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 31-8-2010-ൽ

(ബി) ഏതെങ്കിലും വിഷയത്തിലുള്ള ബിരുദവും അക്കൗണ്ട് ടെസ്റ്റും (ഹയർ), എൽ.ബി.എസ്സോ സമാന ആട്ടോമേഷനിലുള്ള സർട്ടിഫിക്കറ്റും (മൂന്ന് മാസം ദൈർഘ്യമുള്ള കോഴ്സ്) ആണ് യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്.

(സി) നിലവിൽ അതോറിറ്റിയിൽ പബ്ലിക് സർവ്വീസ് കമ്മീഷൻവഴി ഡിവിഷണൽ അക്കൗണ്ടന്റ് തസ്തികയിൽ നേരിട്ട് നിയമനം നടത്തുന്നില്ല.

കുപ്പിവെള്ളം നിർമ്മിക്കുന്ന പദ്ധതി

77 (2175) ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ കുപ്പിവെള്ളം നിർമ്മിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഈ പദ്ധതി എന്ന് മുതൽ പ്രവർത്തിച്ചു തുടങ്ങാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(സി) ഈ പദ്ധതിക്കായി ഏതൊക്കെ സ്വകാര്യ സംരംഭകരുടെ സഹകരണമാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ജല ചൂഷണം നടക്കുന്നില്ല എന്നുറപ്പുവരുത്താൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വാട്ടർ അതോറിറ്റിയുടെ കീഴിൽ സംസ്ഥാനത്ത് കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയിലെ അമുവിക്കരയിൽ മണിക്കൂറിൽ 7500 ലിറ്റർ ശേഷിയുള്ള യൂണിറ്റ് സ്ഥാപിക്കാൻ കരാർ നൽകുകയും പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നടപ്പ് സാമ്പത്തിക വർഷം യൂണിറ്റ് പ്രവർത്തനക്ഷമമാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) പദ്ധതിക്കായി സ്വകാര്യ സംരംഭകരുടെ സഹായം തേടിയിട്ടില്ല. അതോറിറ്റിയുടെ പൂർണ്ണ ഉടമസ്ഥതയിൽ പ്ലാന്റ് സ്ഥാപിച്ച് നിശ്ചിത കാലയളവിൽ അതോറിറ്റിയുടെ മേൽനോട്ടത്തിൽ ജിനക്കാർക്ക് ആവശ്യമായ പരിചയം ലഭിക്കുന്നതുവരെ പ്രവർത്തിപ്പിക്കുവാനാണ് കരാർ നൽകിയിട്ടുള്ളത്.

(ഡി) നദികളിൽ കൂടി ഒഴുകിവരുന്ന ഉപരിതല ജലം മാത്രമാണ് പദ്ധതിക്കായി പ്രയോജനപ്പെടുത്തുന്നത്. ഉപരിതല ജലം ലഭ്യമാകാത്ത സമയം യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതല്ല.

ജലവിതരണം കാര്യക്ഷമമാക്കാൻ നടപടി

78 (2178) ശ്രീ. എൻ. ശക്തൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ ജലവിതരണം കാര്യക്ഷമമാക്കുന്നതിനും അറ്റകുറ്റപ്പണികൾ അടിയന്തരമായി നിർവ്വഹിക്കുന്നതിനും ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന പ്രത്യേക വിഭാഗം നിലവിലുണ്ടോ ;

(ബി) ഇത്തരം ദ്രുതകർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ നിർദ്ദേശങ്ങളാണുള്ളത് ;

(സി) തലസ്ഥാനനഗരി ഉൾപ്പെടെയുള്ള നഗരപ്രദേശങ്ങളിൽ അടിക്കടി പല കാരണങ്ങളാൽ ജലവിതരണം മുടങ്ങുന്നത് തടയാൻ ഇത്തരം ദ്രുതകർമ്മ സേനകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) പൈപ്പ് ലൈനുകളിലെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നിർവ്വഹിക്കുന്നതിന് വേണ്ടി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, കോഴിക്കോട് എന്നീനഗരങ്ങളിൽ ക്വിക്ക് ബ്രിഗേഡ് എന്ന പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്.

(ബി) മറ്റ് 9 ജില്ലകളിൽ കൂടി ക്വിക്ക് ബ്രിഗേഡ് സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്വിക്ക് ബ്രിഗേഡിന് ആവശ്യമായ വാഹനങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly